| 10-08-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ - നിങ്ങൾ ബാബയുടെ മടിയിൽ വരുമ്പോൾ ഈ ലോകം തന്നെ അവസാനിക്കുന്നു, നിങ്ങളുടെ അടുത്ത ജന്മം പുതിയ ലോകത്തായിരിക്കും, അതിനാൽ ഒരു ചൊല്ലുണ്ട് -താങ്കൾ മരിച്ചാൽ ലോകവും മരിക്കുന്നു.

**ചോദ്യം:-** ഏതൊരു ആചാരത്തിന്റെ ആധാരത്തിലാണ് ബാബയുടെ അവതരണത്തെ തെളിയിക്കാൻ സാധിക്കുന്നത് ?

**ഉത്തരം:-** ഭാരതത്തിൽ ഓരോ വർഷവും പിതൃക്കളെ ഊട്ടുന്ന ആചാരം നടന്നുവരുന്നു, ഏതെങ്കിലും ബ്രാഹ്മണനിൽ ആത്മാവിനെ വിളിക്കുന്നു, പിന്നീട് അവരോട് സംസാരിക്കുന്നു, അവരുടെ ആഗ്രഹം ചോദിക്കുന്നു. ശരീരം വരുന്നില്ല, ആത്മാവാണ് വരുന്നത്. ഇതും ഡ്രാമയിൽ അടങ്ങിയതാണ്. ഏത് പോലെ ആത്മാവ് പ്രവേശിക്കുന്നുവോ അതു പോലെ തന്നെ പരമാത്മാവിന്റെ അവതരണവും ഉണ്ടാകുന്നു, ഇത് നിങ്ങൾ കുട്ടികൾക്ക് തെളിയിച്ച് മനസിലാക്കി കൊടുക്കാൻ സാധിക്കും.

**ഗീതം:-** മരിക്കുന്നതും അങ്ങയുടെ പാതയിൽ തന്നെ....

**ഓം ശാന്തി.** ഇതും ഈ സമയത്തെ മഹിമ പാടലാണ്, അത് പിന്നീട് ഭക്തിമാർഗത്തിൽ നടന്ന് വരുന്നു. ഈ സമയം എപ്പോൾ നിങ്ങൾ ബാബയുടെ അടുക്കൽ ജീവിച്ചിരിക്കെ മരിക്കുന്നുവോ അപ്പോൾ ഈ ലോകം തന്നെ അവസാനിക്കുന്നു. അജ്ഞാനകാലത്ത് മനുഷ്യർ മരിക്കുമ്പോൾ ഈ ലോകത്ത് തന്നെ ജന്മമെടുക്കുന്നു. ലോകം സ്ഥിരമാണ്. ചൊല്ല് തന്നെയുണ്ട് - താങ്കൾ മരിച്ചാൽ ഈ ലോകവും മരിച്ചു. എന്നാൽ അവരുടെ മരണത്തിലൂടെ ലോകത്തിന്റെ വിനാശം ഉണ്ടാകുന്നില്ല. ഈ ലോകത്ത് തന്നെ വീണ്ടും ജന്മമെടുക്കുന്നു. നിങ്ങൾ മരിക്കുകയാണെങ്കിൽ ഈ ലോകം തന്നെ അവസാനിക്കും. ഞങ്ങൾ വീണ്ടും പുതിയ ലോകത്ത് വരും എന്ന് നിങ്ങൾ മനസിലാക്കുന്നു. ഇത് നിങ്ങൾ ബ്രാഹ്മണർ മാത്രമാണ് മനസിലാക്കുന്നത്. ഈശ്വരീയ സന്താനമാകുന്നതിലൂടെ ഞങ്ങൾക്ക് സ്വർഗത്തിന്റെ ജന്മാവകാശം ലഭിക്കുന്നു, സ്വർഗത്തിന്റെ ചക്രവർത്തീ പദവി ലഭിക്കുന്നു. നരകം അവസാനിക്കുന്നു. ഇതിന് പരിശ്രമമൊന്നുമില്ല. ബാബയെ ഓർമ്മിച്ചാൽ മാത്രം മതി. മനുഷ്യർ ആരെങ്കിലും മരിക്കുമ്പോൾ പറയും രാമ-രാമ ജപിക്കൂ എന്ന്. അവസാനം ശവമെടുക്കുന്ന സമയം പറയും- രാമനാമം സത്യമാണ് എന്ന്. ഇത് ഭഗവാനെ തന്നേയാണ് പറയുന്നത്. രാമ നാമം സത്യമാണ് അർത്ഥം പരമപിതാ പരമാത്മാവ് സത്യമാണ്, ആ പേര് തന്നേയാണ് ഉപയോഗിക്കേണ്ടത്. രാമ-രാമ എന്ന് ചൊല്ലി മാല കറക്കിയും ഓർമ്മിക്കുന്നു. ഈ രാമനാമത്തിന്റെ ധ്വനി ഏതെങ്കിലും വാദ്യം മുഴക്കുന്ന പോലെ ഉണ്ടാകുന്നു. നിങ്ങൾ കുട്ടികൾക്ക് ബാബ മനസിലാക്കി തരുന്നു, യാതൊരു ശബ്ദവും ഉണ്ടാക്കേണ്ട, ബുദ്ധി കൊണ്ട് ഓർമ്മിച്ചാൽ മാത്രം മതി. ജീവിച്ചിരിക്കെ ഈശ്വരന്റെ മടി ലഭിക്കുന്നതിലൂടെ ഈ ദു:ഖിത ലോകം അവസാനിക്കുന്നു എന്ന് നിങ്ങൾ മനസിലാക്കുന്നു. ബാബാ, ഞങ്ങൾ അങ്ങയുടെ കഴുത്തിലെ മാലയാകും. രുദ്രമാല എന്നും പാടാറുണ്ട്. രാമമാല എന്ന് പറയാറില്ല. നിങ്ങൾ കൽപ്പം മുമ്പത്തെ പോലെ തന്നെ ഈ രുദ്രമാലയിൽ കോർക്കപ്പെടുന്നതിന് വേണ്ടി ഈ രുദ്ര ജ്ഞാനയജ്ഞത്തിൽ ഇരിക്കുന്നു. നമ്മൾ ഈശ്വരനായ അച്ഛന്റെ കഴുത്തിൽ കോർക്കപെടും എന്ന് മനസിലാക്കുന്ന മറ്റ് യാതൊരു സത്സംഗവും ഇല്ല. ബാബയിൽ നിന്ന് തീർച്ചയായും സമ്പത്ത് ലഭിക്കും. ബാബ എന്ന് ആരാണ് പറയുന്നത്? ആത്മാവ്. ആത്മാവിൽ തന്നേയല്ലേ ബുദ്ധി. ബുദ്ധി മനസിലാക്കുന്നു, പിന്നീട് പറയുന്നു, ആദ്യം സങ്കൽപ്പം വരുന്നു പിന്നീട് കർമ്മേന്ദ്രിയങ്ങളിലൂടെ പറയുന്നു. ഞങ്ങൾ പൂർണമായും ബാബയുടേതായി, ബാബയുടേതായി തന്നെ ഇരിക്കും. ഈ അന്തിമ ജന്മത്ത് ഗോഡ്ഫാദർ എന്ന് പറയുന്നില്ലേ. പിന്നെ ചോദിക്കൂ നിങ്ങളിൽ ഗോഡ്ഫാദറിന്റെ ജ്ഞാനമുണ്ടോ? അപ്പോൾ പറയും ഗോഡ്ഫാദർ സർവ്വവ്യാപിയാണ് എന്ന്. പറയൂ, നിങ്ങളുടെ ആത്മാവ് പരമപിതാ എന്ന് പറയുന്നു, എങ്കിൽ പിതാവെങ്ങിനെ സർവ്വവ്യാപിയാകും? കുട്ടിയിൽ അച്ഛൻ വന്നുവോ ?ബാബയെ സർവ്വവ്യാപീ എന്ന് പറയുന്നത് പൂർണമായും തെറ്റാണ്. ഈ കാര്യങ്ങൾ നല്ല രീതിയിൽ മനസിലാക്കി പിന്നീട് മനസിലാക്കി കൊടുക്കണം.

രുദ്രജ്ഞാനയജ്ഞം പ്രസിദ്ധമാണ്. രുദ്രൻ നിരാകാരനാണ്. കൃഷ്ണൻ സാകാരനും. അവസാനം ഭഗവാൻ എന്ന് ആരേയാണ് പറയുന്നത്? കൃഷ്ണനെ പറയുക സാധ്യമല്ല. മനുഷ്യർ വളരെ നിഷ്ക്കളങ്കരാണ്. ഈശ്വരൻ സർവ്വവ്യാപിയാണ് എന്ന് പറയുന്നു. ബാബ തന്റെ വീട്ടിൽ തന്നേയാണ് വസിക്കുന്നത്, മറ്റെവിടെ

വസിക്കാനാണ്? ഇപ്പോൾ ബാബ ഈ പരിധിയില്ലാത്ത വിട്ടിൽ വന്നിരിക്കുന്നു. ഇവിടെ ഉപസ്ഥിതനാണ്. ഞാൻ ഈ ദേഹത്തിൽ പ്രവേശിക്കുന്നു എന്ന് പറയുന്നു. ബ്രാഹ്മണരിൽ പിതൃക്കളെ വിളിക്കുന്നത് പോലെ. ആരെങ്കിലും തന്റെ പിതൃക്കളെ ഊട്ടുമ്പോൾ ആത്മാവ് പറയും, ഞാൻ ഈ ദേഹത്ത് പ്രവേശിച്ചിരിക്കുന്നു എന്ന്. ഞാൻ ഈ ദേഹത്ത് പ്രവേശിച്ചിരിക്കുന്നു, എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ചോദിക്കൂ. മുമ്പ് പിതൃക്കളെ വിളിക്കുന്ന ധാരാളം ആചാരങ്ങൾ ഉണ്ടായിരുന്നു. പിതൃക്കൾ ആത്മാക്കളല്ലേ. പിതൃക്കളെ അതായത് ആത്മാവിനെ ഊട്ടുന്നു. ആർക്കെങ്കിലും അവരുടെ പത്നിയോട് സ്നേഹമുണ്ട് അവർ ശരീരം ഉപേക്ഷിച്ചു എങ്കിൽ അവരുടെ ആത്മാവിനെ വിളിക്കുന്നു. ഞാൻ വജ്രത്തിന്റെ മൂക്കുത്തി നൽകാം എന്ന് വാക്ക് കൊടുത്തിരുന്നു എന്ന് പറഞ്ഞ് ബ്രാഹ്മണനെ വിളിച്ച് അദ്ദേഹത്തെ വജ്രമൂക്കുത്തി ധരിപ്പിക്കുന്നു. വിളിക്കുന്നത് ആത്മാവിനെയാണ്. ശരീരം വരുന്നേ ഇല്ല. ഈ ആചാരങ്ങൾ ഭാരതത്തിൽ തന്നേയാണുള്ളത്. ഏത് പോലെ ആരെങ്കിലും മരിച്ചാൽ നിങ്ങൾ സൂക്ഷ്മവതനത്തിൽ പോകുന്നു, സൂക്ഷ്മവതനത്തിൽ ആ ആത്മാവ് വരുന്നു നിങ്ങൾ ഭോഗ് നൽകുന്നു അതേ പോലെ. ഇത് തികച്ചും പുതിയ കാര്യമാണ്. ഏത് വരെ ഇത് നല്ല രീതിയിൽ മനസിലാക്കുന്നില്ലയോ അത് വരെ മനുഷ്യർക്ക് ഇവരെന്താ ചെയ്യുന്നത് എന്ന് സംശയം ഉണ്ടായി കൊണ്ടേയിരിക്കും. ബ്രാഹ്മണരുടെ ആചാര രീതികൾ എങ്ങിനെയൊക്കെയാണ് എന്ന് നോക്കൂ. എല്ലാവരും ക്ഷേത്രങ്ങളിലും മറ്റും ഭോഗ് വെക്കുന്നു. പിതൃക്കൾക്ക് ഭോഗ് വെക്കുന്നു. ഗുരുനാനാക്കിന്റെ ആത്മാവിനും ഭോഗ് നൽകിയിരുന്നു, ഇപ്പോൾ ആ ആത്മാവ് എവിടേയാണ്? ഇത് മനസിലാക്കുന്നില്ല. നിങ്ങൾക്കറിയാം ധർമ്മസ്ഥാപനം ചെയ്തിരുന്നവരെല്ലാം ഇവിടെയുണ്ട് എന്ന്. ഞാൻ ബ്രാഹ്മണ ധർമ്മം സ്ഥാപിക്കുന്നു എന്ന് ബാബ പറയുന്നത് പോലെ. ബാബ പതിത പാവനനാണ്. പവിത്ര ആത്മാക്കൾ തന്നേയാണ് വന്ന് ധർമ്മസ്ഥാപനം ചെയ്യുന്നത്. എന്നാൽ സതോപ്രധാന ആത്മാക്കൾക്ക് വീണ്ടും സതോ, രജോ, തമോയിൽ വരിക തന്നെ വേണം. ഈ സമയം എല്ലാ ആത്മാക്കളും കബറിടത്തിലാണ്. ബാബ പതിത പാവനൻ തന്നേയാണ്. ബാബയെ ഒരിക്കലും കബറടക്കുകയില്ല. മനുഷ്യരെ പതിത പാവനൻ എന്ന് പറയില്ല. പതിത പാവനനൻ എന്നാൽ മുഴുവൻ ലോകത്തിന്റേയും പതിത പാവനൻ. പതിത ലോകത്തെ പാവനമാക്കാൻ ഒരേയൊരു ബാബക്കല്ലാതെ മറ്റാർക്കും സാധ്യമല്ല. അവർ അവരവരുടെ ധർമ്മം സ്ഥാപിക്കാനാണ് വരുന്നത്. ക്രിസ്തുമതത്തിന്റെ മുഴുവൻ കൽപ്പവൃക്ഷം അവിടെയുണ്ട്. ആദ്യം ക്രിസ്തു വരുന്നു പിന്നീട് അദ്ദേഹത്തിന്റെ പിറകെ എല്ലാവരും വന്ന് വൃദ്ധി പ്രാപിച്ച് കൊണ്ടിരിക്കും. അദ്ദേഹം ആരേയും പതിതത്തിൽ നിന്ന് പാവനമാക്കുന്നില്ല. നമ്പറനുസരിച്ച് അവരുടെ സംഖ്യ വന്ന് കൊണ്ടിരിക്കും. എല്ലാവരും കബറിടത്തിലാകുന്ന ഈ സമയത്താണ് പതിത പാവനൻ വേണ്ടത്. എല്ലാവരേയും പാവനമാക്കുന്നവൻ ആ ബാബ തന്നേയാണ്.

ഈ സമയം മുഴുവൻ ലോകവും ജീർണ്ണാവസ്ഥയിലായിരിക്കുന്നു എന്ന് നിങ്ങൾക്കറിയാം. ആൽമരത്തിന്റെ ഉദാഹരണം കാണിക്കുന്നു, വളരെ വലിയ വൃക്ഷമാണ്, അടി ദ്രവിച്ച് പോയി, ബാക്കി കൊമ്പും ചില്ലകളുമെല്ലാം നിൽക്കുന്നുണ്ട്. ഇതും വൃക്ഷമാണ്. ദേവീ-ദേവതാ ധർമ്മത്തിന്റെ അടിത്തറ പൂർണമായും മുറിഞ്ഞ് പോയിരിക്കുന്നു. ബാക്കി എല്ലാം ഉണ്ട്. വിത്ത് ഉണ്ടെങ്കിൽ വീണ്ടും സ്ഥാപിക്കില്ലേ. ബാബ പറയുന്നു ഞാൻ വീണ്ടും വന്ന് സ്ഥാപിക്കുന്നു. ബ്രഹ്മാവിലൂടെ സ്ഥാപന, ശങ്കരനിലൂടെ വിനാശം. ശരിക്കും അനേക ധർമ്മങ്ങളുടേയും വിനാശം നടന്നിരുന്നു. മഹാഭാരത യുദ്ധസമയത്ത് രാജയോഗം പഠിച്ചത് ആരാണോ അവർക്ക് വീണ്ടും രാജധാനി സ്ഥാപിതമാകുന്നു. നിങ്ങൾക്കറിയാം ഇപ്പോൾ ഞങ്ങൾ ബാബയുടെ അടുക്കൽ പോകും പിന്നീട് പുതിയ ലോകം വരും. വീണ്ടും വൃക്ഷം വൃദ്ധി പ്രാപിച്ച് കൊണ്ടിരിക്കും. ഏതൊരു ദേവീ-ദേവതാ ധർമ്മമായിരുന്നുവോ ഉണ്ടായിരുന്നത് അത് പ്രായേണ ലോപിച്ചു. ബാബ പറയുന്നു ഞാൻ വീണ്ടും വന്ന് ആദി സനാതന ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു. ഉയർന്നതിലും ഉയർന്നതായിരുന്ന ഭാരതത്തിന് ഇപ്പോൾ ഗ്രഹണം ബാധിച്ചിരിക്കുന്നു. കാമ ചിതയിൽ ഇരിക്കുന്നതിലൂടെ ഈ സമയം നിങ്ങളുടെ ആത്മാവ് കറുത്ത് പോയി. ഇപ്പോൾ നിങ്ങൾ വീണ്ടും ജ്ഞാന ചിതയിൽ ഇരുന്ന് വെളുത്തവരാകുന്നു. നിങ്ങൾ കറുത്തവരായിരുന്നു, ആ കറുപ്പിനെ വെളുത്ത സുന്ദരന്മാരാക്കുന്നത് പരമപിതാ പരമാത്മാവാണ്. ആ പരമാത്മാവിന്റെ ശ്രീമതം ലഭിക്കുന്നു. പരമപിതാ പരമാത്മാവിന്റെ ആത്മാവ് സദാ പവിത്രവും സുന്ദരവും ആണ്. ആത്മാവിലാണ് കറ വീഴുന്നത്. (സ്വർണത്തേ പോലെ). ഈ പഴയ ലോകത്തിന്റെ വിനാശവും എല്ലാവരുടേയും മരണവും ഉണ്ടാകുക തന്നെ വേണം എന്ന് ഇപ്പോൾ നിങ്ങൾക്കറിയാം. പിന്നീട് രാമ രാമ ചൊല്ലൂ എന്ന് നിങ്ങളോട് പറയാൻ ആരും ഉണ്ടാകില്ല. നോക്കൂ നെഹറു മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ചാരം എല്ലാ സ്ഥലത്തും വീഴ്ത്തി. നല്ല വളമാണെന്ന് മനസിലാക്കി. വൃക്ഷങ്ങളിൽ കീടങ്ങളും മറ്റും വരികയാണെങ്കിൽ അതിൽ ചാരം ഇടാറുണ്ട്. ഇപ്പോൾ ഈ മുഴുവൻ ഭൂമിക്കും എത്ര ചാരം ലഭിക്കും. വലിയ വലിയ സന്യാസി-മഹാത്മാക്കൾ മരിക്കുകയാണെങ്കിൽ അവരുടെ ചാരം ഇങ്ങിനെ ഇടുന്നില്ല. ഏറ്റവും ഉത്തമരാണ് സന്യാസിമാർ. ഇപ്പോൾ എത്ര പേർ മരിക്കും!എത്ര വളം ലഭിക്കും! അപ്പോൾ എന്ത് കൊണ്ട് സൃഷ്ടി ഫസ്റ്റ്ക്ളാസ് ധാന്യങ്ങൾ നൽകില്ല.

സത്യയുഗത്തിൽ എല്ലാം ഹരിതാഭമായ സസ്യങ്ങളായിരിക്കും. ഈ സൃഷ്ടിയെ പുതിയതാക്കുന്നതിന് സമയം എടുക്കുന്നു. നിങ്ങൾ സൂക്ഷ്മവതനത്തിൽ പോകുമ്പോൾ എത്ര വലിയ വലിയ പഴങ്ങൾ നിങ്ങളെ കാണിക്കുന്നു, പഴച്ചാർ കുടിപ്പിക്കുന്നു. നിങ്ങൾ ചിന്തിക്കൂ – എത്ര വളം ലഭിക്കും. അതും ഭാരതത്തിൽ മാത്രം. പുതിയ ലോകത്തിന് വേണ്ടി അവിടെ എത്ര പുതിയ പുതിയ വസ്തുക്കൾ ഉണ്ടാകുന്നു. മുഴുവൻ ലോകവും വളം വീണ് പുതിയതാകുന്നു. സൂക്ഷ്മവതനത്തിൽ വൈകുണ്ഠത്തിലെ പഴച്ചാർ നിങ്ങളെ കുടിപ്പിക്കുന്നു. പൂന്തോട്ടങ്ങളുടേയും മറ്റും സാക്ഷാത്ക്കാരം ചെയ്യിക്കുന്നു. പഴച്ചാറ് കുടിച്ച് നടക്കുന്നു. രാജകുമാരനും രാജകുമാരിയും തോട്ടത്തിൽ നിന്ന് ഫലങ്ങൾ കൊണ്ട് വരുന്നു. സൂക്ഷ്മവതനത്തിൽ തോട്ടമുണ്ടാകുകയില്ല. തീർച്ചയായും വൈകുണ്ഠത്തിൽ പോയിരിക്കും. ഓരോരുത്തർക്കായി സാക്ഷാത്ക്കാരം ചെയ്യിക്കില്ല. ആരാണോ നിമിത്തമാകുന്നത് അവർക്ക് സാക്ഷാത്ക്കാരം ചെയ്യിക്കുന്നു. നിങ്ങൾ ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നുവെങ്കിൽ, ബാബയുടെ കുട്ടിയായി ഇരിക്കുമെങ്കിൽ നിങ്ങൾക്കും അവസാനം സാക്ഷാത്ക്കാരം ഉണ്ടാകും. ഈ ഗോശാല ആദ്യമേ ഉണ്ടാക്കേണ്ടതുണ്ടായിരുന്നു, ഭട്ഠിയിൽ പാകപ്പെടേണ്ടതുണ്ടായിരുന്നു, അതിനാൽ ധാരാളം പേർ വന്നുചേർന്നു.

ആർക്കെങ്കിലും വെറുതെ ലിറ്ററേച്ചർ നൽകുന്നതിലൂടെ ആരും ഒന്നും മനസിലാക്കില്ല എന്ന് കുട്ടികൾ മനസിലാക്കണം. മനസിലാക്കി കൊടുക്കുന്നതിന് തീർച്ചയായും ടീച്ചർ വേണം. ടീച്ചർ സെക്കന്റിൽ മനസിലാക്കി കൊടുക്കും ഇത് നിങ്ങളുടെ ബാബയാണ്, ഇത് ദാദയാണ്, ഈ പരിധിയില്ലാത്ത അച്ഛൻ സ്വർഗത്തിന്റെ രചയിതാവാണ്. ആർക്കെങ്കിലും ലിറ്ററേച്ചർ കേവലം കൊടുത്താൽ അവരത് നോക്കി കീറികളയും, ഒന്നും മനസിലാക്കില്ല, ബാബ വന്നിട്ടുണ്ട് എന്ന് തീർച്ചയായും മനസിലാക്കി കൊടുക്കണം. വിളംബരം കൊട്ടിയറിയിക്കൽ നിങ്ങളുടെ ഉത്തരവാദിത്വമാണ്. യാദവരും–കൗരവരും ഉണ്ട്, മഹാഭാരത യുദ്ധവും സമീപം നിൽക്കുന്നു. തീർച്ചയായും രാജയോഗം പഠിപ്പിക്കുന്നവരും ഉണ്ടാകും. തീർച്ചയായും സ്വർഗത്തിന്റെ സ്ഥാപനയും ഉണ്ടാകും. ഒരു ധർമ്മത്തിന്റെ സ്ഥാപനയും അനേക ധർമ്മങ്ങളുടെ വിനാശവും ഉണ്ടാകും. ഞങ്ങൾ നരനിൽ നിന്ന് നാരായണനും, നാരിയിൽ നിന്ന് ലക്ഷ്മിയും ആയി തീരുന്നു എന്ന് നിങ്ങൾക്കറിയാം. ഇതാണ് ഞങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യം. യുദ്ധം ചെയ്യാതെ മനുഷ്യനിൽ നിന്ന് ദേവതയാക്കുന്നു. സൂര്യവംശിയെ മാത്രമാണ് ദേവത എന്ന് പറയുന്നത്. ചന്ദ്രവംശിയെ ക്ഷത്രിയർ എന്ന് പറയുന്നു. ആദ്യം ദേവതയാകേണ്ടേ. പാസാകാതിരുന്നാൽ ക്ഷത്രിയനാകും. ബാബ പറയുന്നു – മധുര മധുരമായ വളരെ കാലത്തെ വേർ പാടിന് ശേഷം തിരികെ കിട്ടിയ കുട്ടികളേ, എത്ര കുട്ടികളാണ് തിരികെ കിട്ടിയവർ. നോക്കൂ, ആരുടേയെങ്കിലും കുട്ടികളെ കാണാതായി 6–8 മാസത്തിന് ശേഷം തിരികെ കിട്ടുകയാണെങ്കിൽ എത്ര സ്നേഹത്തോടേയായിരിക്കും സമാഗമം !അച്ഛന് എത്ര സന്തോഷം തോന്നും!ഈ അച്ഛനും പറയുന്നു – അതി സ്നേഹികളായ വളരെ കാലത്തേ വേർപാടിന് ശേഷം തിരികെ കിട്ടിയ കുട്ടികളേ, നിങ്ങൾ 5000 വർഷത്തിന് ശേഷം വന്ന് കണ്ട് മുട്ടുന്നു. അതി സ്നേഹികളായ കുട്ടികളേ, നിങ്ങൾ വേർപിരിഞ്ഞ് പോയിരുന്നു, ഇപ്പോൾ വീണ്ടും വന്ന് പരിധിയില്ലാത്ത സമ്പത്തെടുക്കുന്നതിന് കണ്ട് മുട്ടിയിരിക്കുന്നു. ദൈവീകസ്വരാജ്യം നിങ്ങളുടെ ഗോഡ് ഫാദറിൽ നിന്നുള്ള ജന്മസിദ്ധ അവകാശ മാണ്. ബാബ നിങ്ങൾക്ക് പരിധിയില്ലാത്ത ചക്രവർത്തീ പദവി നൽകുന്നതിന് വന്നിരിക്കുന്നു. ഇത് സ്വർഗത്തിലെ ഗോഡ്ഫാദറാണ്. നിങ്ങൾ കുട്ടികൾക്ക് വേണ്ടി എത്ര വലിയ സമ്മാനമാണ് കൊണ്ട് വന്നിരിക്കുന്നത്. എന്നാൽ അത്രയും അധികാരിയാകണം, ശ്രീമതമനുസരിച്ച് നടക്കണം. മമ്മാ–ബാബാ എന്ന് വിളിച്ച് പിന്നീട് മറന്ന് പോകുകയോ നിന്ദിക്കുകയോ ചെയ്യുകയാണെങ്കിൽ കഴുത്തിലെ മാലയാകില്ല. കുട്ടികളെ എത്ര സ്നേഹിക്കുന്നു. ബാബ കുട്ടികളെ തലയിൽ വെക്കുന്നു. പരിധിയില്ലാത്ത അച്ഛന് എത്ര കുട്ടികളാണ്. ബാബ എത്ര ഉയർന്ന സ്ഥാനത്താണ് കയറ്റുന്നത്. കാലിൽ വീഴുന്നവരെ തലയിൽ വയ്ക്കുന്നു. എങ്കിൽ എത്ര സന്തോഷത്തോടെ ഇരിക്കേണ്ടതുണ്ട്. ശ്രീമതമനുസരിച്ച് നടക്കുകയും വേണം. ഒരേയൊരു ശ്രീമതമനുസരിച്ച് നടക്കണം. സ്വന്തം മന്മത്തനുസരിച്ച് നടക്കുകയാണെങ്കിൽ അവർ മരിച്ചു. ശ്രീമതമനുസരിച്ച് നടക്കുകയാണെങ്കിൽ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ മനുഷ്യൻ അതായത് ദേവതയായി തീരും. എത്രാമത്തെ നമ്പറിൽ പാസാകും എന്ന് ബാബ ചോദിക്കാറില്ലേ. ബാബയും പറയുന്നു സൂര്യവംശിയാകൂ. എങ്കിൽ മമ്മയേയും ബാബയേയും പിന്തുടരണം. ബാബക്ക് സമാനം സ്വദർശന ചക്രധാരിയാകണം. ശിവബാബയുടെ മുന്നിൽ കൊണ്ട് വരികയാണെങ്കിൽ എത്ര പേരെ തനിക്ക് സമാനം ആക്കി എന്ന് ബാബ ചോദിക്കും. എത്ര സന്തോഷമുണ്ടാക്കുന്ന കാര്യങ്ങളാണ്. നിങ്ങൾക്ക് തന്നേയാണ് മനസിലാക്കാൻ സാധിക്കുക, പുതിയ ആർക്കും ഒട്ടും തന്നെ മനസിലാകില്ല ഇത് മനുഷ്യനിൽ നിന്ന് ദേവതയാക്കുന്ന കോളേജാണ് എന്ന്. ചിലർക്ക് 7 ദിവസം കൊണ്ട് വളരെ നല്ല ലഹരിയുണ്ടാകുന്നു. ചിലർക്ക് ഒട്ടും തന്നെ ഉണ്ടാകുന്നില്ല. വളരെ പരിശ്രമിക്കേണ്ടി വരുന്നു. ആദ്യം എല്ലാവരോടും ചോദിക്കൂ പരിധിയില്ലാത്ത അച്ഛനെ അറിയുമോ എന്ന്, ഇതാണ് ഏറ്റവും ആദ്യം കുട്ടികൾക്ക് മനസിലാക്കി

കൊടുക്കേണ്ടത്. പറയുന്നു – ശരിയാണ്, അച്ഛൻ എന്നിലും ഉണ്ട്, സർവ്വവ്യാപിയാണ്. പിന്നീട് ചോദിക്കേണ്ട കാര്യമേ ഇല്ല. അച്ഛൻ എന്ന് പറയുകയാണെങ്കിൽ പിന്നെ അച്ഛനെങ്ങിനെ നിങ്ങളിലും എന്നിലും ഉണ്ടാകും?ബാബയിൽ നിന്ന് സമ്പത്തെടുത്ത് കൊണ്ടിരിക്കുന്നു. എങ്കിൽ ഏറ്റവും ആദ്യം ഈശ്വര നെക്കുറിച്ച് മനസിലാക്കികൊടക്കൂ.

ബാബ പറയുന്നു– എന്റെ വളരെ കാലത്തെ വേർപാടിന് ശേഷം തിരികെ കിട്ടിയ കുട്ടികളെ. ഇങ്ങിനെ ഏതൊരു സന്യാസിമാർക്കും പറയാൻ സാധിക്കില്ല. നിങ്ങൾക്കറിയാം ഞങ്ങൾ ശിവബാബയുടെ വളരെ കാലത്തെ വേർപാടിന് ശേഷം തിരികെ കിട്ടിയ കുട്ടികളാണ് എന്ന്, 5000 വർഷത്തിന് ശേഷം വീണ്ടും സ്വർഗത്തിലെ സമ്പത്തെടുക്കുന്നതിന് വന്നിരിക്കുന്നു. ഞങ്ങൾ തന്നേയായിരുന്നു സ്വർഗത്തിലെ അധികാരികൾ വീണ്ടും ഞങ്ങൾ തന്നെ ആയി തീരുന്നു. തീർച്ചയായും സ്വർഗത്തിൽ പോകണം. പിന്നീട് പുരുഷാർത്ഥമനുസരിച്ച് ഉയർന്ന പദവി നേടണം. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:–

1) മാതാപിതാക്കളെ പിന്തുടർന്ന് തനിക്ക് സമാനമാക്കുന്ന സേവ ചെയ്യണം. സ്വദർശന ചക്രധാരിയാകുകയും ആക്കുകയും വേണം.

2) ബാബയുടെ കഴുത്തിലെ മാലയാകുന്നതിന് ബുദ്ധിയിലൂടെ ബാബയെ ഓർമ്മിക്കണം, ശബ്ദമുണ്ടാക്കരുത്. ഓർമ്മയുടെ ആവേശത്തിലിരിക്കണം.

## വരദാനം:– ദേഹ–അഭിമാനത്തിന്റെ ത്യാഗത്തിലൂടെ സദാ സ്വമാനത്തിൽ സ്ഥിതി ചെയ്യുന്ന ബഹുമാനധാരിയായി ഭവിക്കൂ

ഏത് കുട്ടികളാണോ ഈ ഒരു ജന്മത്തിൽ ദേഹ–അഭിമാനത്തിന്റെ ത്യാഗം ചെയ്ത് സ്വമാനത്തിൽ സ്ഥിതി ചെയ്യുന്നത്, അവർക്ക് ഈ ത്യാഗത്തിന്റെ ഫലമായി ഭാഗ്യവിധാതാവായ ബാബയിലൂടെ മുഴുവൻ കല്പ ത്തിലേക്കും ബഹുമാനധാരിയാകുന്നതിന്റെ ഭാഗ്യം പ്രാപ്തമാകുന്നു. അരകൽപം പ്രജകളിലൂടെ ബഹുമാ നം പ്രാപ്തമാകുന്നു, അരകൽപം ഭക്തരിലൂടെ ബഹുമാനം പ്രാപ്തമാക്കുന്നു, ഈ സമയം സംഗമത്തിൽ സ്വയം ഭഗവാൻ തന്റെ സ്വമാനധാരി കുട്ടികൾക്ക് ബഹുമാനം നൽകുന്നു. സ്വമാനവും ബഹുമാനവും രണ്ടിനും പരസ്പരം വളരെ ആഴമേറിയ സംബന്ധമുണ്ട്.

## സ്ലോഗൻ:– ഓരോ ചുവടിലും ബാബയുടെ, ബ്രാഹ്മണ പരിവാരത്തിന്റെ ആശീർവ്വാദ ങ്ങൾ നേടിക്കൊണ്ടിരിക്കൂ എങ്കിൽ സദാ മുന്നേറിക്കൊണ്ടിരിക്കും.